പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1921 26-10-2026-ൽ മറുപടിയ്ക്ക്

ആഭ്യന്തര പരിശോധനാ വിഭാഗം ശക്തിപ്പെടുത്തുന്നത്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. സജീവ് ജോസഫ്	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) എല്ലാ വകുപ്പുകളിലെയും ആഭ്യന്തര പരിശോധനാ റിപ്പോർട്ടുകൾ ധനകാര്യ വകുപ്പിന് ലഭ്യമാക്കാറുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിവരം ലഭ്യമാക്കാമോ;

മറുപടി: ഭൂരിഭാഗം വകുപ്പുകളിൽ നിന്നും ആഭ്യന്തര പരിശോധനാ റിപ്പോർട്ട് ധനകാര്യ (ഐ.എ.സി) വകുപ്പിൽ ലഭ്യമാക്കുന്നുണ്ട്. ലഭ്യമാക്കാത്ത വകുപ്പുകൾക്ക് കൃത്യമായ ഇടവേളകളിൽ ആഭ്യന്തര പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ആഭ്യന്തര പരിശോധനാ മാർഗ്ഗരേഖ പ്രകാരം എല്ലാ വകുപ്പുകളിലെയും ആഭ്യന്തര പരിശോധന പ്രസ്തുത വകുപ്പുകളിലെ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ തന്നെയാണോ നടന്ന് വരുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിവരം അറിയിക്കാമോ;

മറുപടി: സർക്കാർ വകുപ്പുകളിൽ ആഭ്യന്തര പരിശോധനാ സംഘം രൂപീകരിക്കുവാനും, കാര്യക്ഷമമാക്കുവാനും, കൃത്യമായ ഇടവേളകളിൽ ആഭ്യന്തരപരിശോധന നടത്തുന്നതിലേയ്ക്കുമായി വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് കൊണ്ട് - 10.08.2017 തീയതിയിലെ - 64/2017/ധന, 19.09.2019 –ലെ 79/2019/ധന – എന്നീ പരിപത്രങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, 20.04.2018 – ലെ 33/2018/ധന – നമ്പർ പരിപത്രപ്രകാരം വകുപ്പ് മേധാവി നിർദ്ദേശിക്കുന്ന വകുപ്പിലെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥൻ അദ്ധ്യക്ഷനായി, ഫിനാൻസ് ഓഫീസർ/ അക്കൗണ്ട്സ് ഓഫീസർ, സീനിയർ സൂപ്രണ്ട്/ ജൂനിയർ സൂപ്രണ്ട് എന്നീ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി (എ.എം.സി) രൂപീകരിക്കുവാനും, 01.07.2018 മുതൽ ത്രൈമാസികമായി വകുപ്പിലെ ആഭ്യന്തര പരിശോധനാ സംഘത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ നിർദ്ദേശം നല്കിയിട്ടുള്ളതുമാണ്.മേൽ പരിപത്രങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പ്രകാരമാണ് എല്ലാ വകുപ്പുകളും ആഭ്യന്തര പരിശോധന നടത്തിവരുന്നത്.

(സി) ആഭ്യന്തര പരിശോധനാ മാർഗ്ഗരേഖ പ്രകാരം ആഭ്യന്തര പരിശോധനയ്ക്ക് നേതൃത്വം നൽകേണ്ട ഫിനാൻസ് ഓഫീസർ തസ്തിക ഏതൊക്കെ വകുപ്പുകളിലാണ് ഇല്ലാത്തതെന്ന് അറിയിക്കാമോ;

മറുപടി:

മുവടെ ചേർക്കുന്ന വകുപ്പുകളിൽ ഫിനാൻസ് ഓഫീസറെ നിയമിച്ചിട്ടില്ല:

1. സംസ്ഥാന പുരാരേഖ വകുപ്പ്

2. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

3. സാംസ്കാരിക വകുപ്പ്

4. കേരള ഡ്രഗ്സ് കൺട്രോൾ വകുപ്പ്

5. സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്

6. ഹോമിയോപ്പതി വകുപ്പ്

7. ഖനന ഭൂവിജ്ഞാന വകുപ്പ്

8. നാഷണൽ കേഡറ്റ് കോർപ്സ്

9. നാഷണൽ എംപ്ലോയ്മെന്റ് സർവീസ്

10.ഉറമുഖ വകുപ്പ്

11. സംസ്ഥാന ഇൻഷുറൻസ് വകുപ്പ്

12. സ്റ്റേഷനറി വകുപ്പ്

13. ട്രഷറി വകുപ്പ്

14. ഭാരതീയ ചികിത്സാ വകുപ്പ്

(ഡി) ഫിനാൻസ് ഓഫീസർ തസ്തിക ഇല്ലാത്ത വകുപ്പുകളിൽ ഫിനാൻസ് ഓഫീസറെ നിയമിച്ച് ആഭ്യന്തര പരിശോധന ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>മറുപടി:</u> സ്റ്റേഷനറി വകുപ്പിൽ ധനകാര്യ (പരിശോധന) വകുപ്പ് കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ ഫിനാൻസ് ഓഫീസർ തസ്തികയിൽ നിയമിക്കുന്നത് സംബന്ധിച്ച വിഷയവും എല്ലാ മെഡിക്കൽ കോളേജുകളിലും ഫിനാൻസ് ഓഫീസറെ നിയമിക്കുന്നത് സംബന്ധിച്ച വിഷയവും പരിഗണനയിലാണ്. ഖനന ഭൂവിജ്ഞാന വകുപ്പിൽ ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ ഫിനാൻസ് ഓഫീസറെ നിയമിക്കുന്നതിനായി ഭരണ വിഭാഗത്തിന് ശിപാർശ നല്കിയിട്ടുള്ളതുമാണ്. അതോടൊപ്പം പിരിവ് സി-യിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് വകുപ്പുകളിൽ ഫിനാൻസ് ഓഫീസറെ നിയമിക്കുന്നതിലൂടെ സാമ്പത്തിക ഇടപാടുകളുടെയും ചെലവുകളുടെയും പരിശോധനയും നിരീക്ഷണവുംകൂടുതൽ കാര്യക്ഷമമാക്കുന്നതിനും അതുവഴി **ആഭ്യന്തര പരിശോധന ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ** സ്വീകരിക്കുന്നതു സംബന്ധിച്ച വിഷയവും പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ